Draft #5 of File 67023/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 07-Dec-2020 10:24 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ് / എയ്ഡ്സ് കോളേജുകളിലെ പ്രിൻസിപ്പൽമാരുമായി 20.11.2020 തീയതിയിൽ ഓൺലൈൻ മുഖാന്തിരം നടത്തിയ യോഗ തീരുമാനങ്ങൾ സംബന്ധിച്ച് - വൈസ് ചാൻസലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 5781/EA 2/2020/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 07.12.2020

---

*പരാമർശം:*-സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/ എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുമായി 20.11.2020 തീയതിയിൽ ഓൺലൈൻ മുഖാന്തിരം നടത്തിയ യോഗത്തിന്റെ നടപടി രേഖ.

**ഉത്തരവ്**

സർവകലാശാല 2020 നവംബർ/ ഡിസംബർ മാസങ്ങളിൽ നടത്തുന്ന യു.ജി , പി.ജി പരീക്ഷകളുടെ നടത്തിപ്പ് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/ എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുമായി 20.11.2020 തീയതിയിൽ ഓൺലൈൻ മുഖാന്തിരം നടത്തിയ യോഗം,വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടിരിക്കുന്നു.

1. രണ്ടാം സെമസ്റ്റർ ബി.കോം പരീക്ഷകളും ബി.എ / ബിഎസ്.സി / പി.ജി പരീക്ഷകളും ഒന്നിടവിട്ട ദിവസങ്ങളിൽ നടത്തേണ്ടതാണ്.

2. സർവകലാശാലയുടെ പരിധിക്കുള്ളിൽ മാത്രം പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കേണ്ടതാണ്.

3. ലക്ഷദ്വീപിൽ ഒരു പരീക്ഷാ കേന്ദ്രം നിലവിലുള്ളതിനാൽ ലക്ഷദ്വീപിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ പട്ടിക അതത് കോളേജ് അദ്ധ്യാപകർ സർവകലാശാലയിൽ ബന്ധപ്പെട്ട സെക്ഷനുകളെ നേരത്തെ തന്നെ അറിയിക്കേണ്ടതും ലക്ഷദ്വീപിലെ എഡ്യൂക്കേഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ് .

4. ലക്ഷദ്വീപിൽ ഉള്ള വിദ്യാർത്ഥികൾക്ക് വൈസ് ചാൻസലറുടെ അനുമതിയോടുകൂടി ഓൺലൈൻ മുഖാന്തിരം സാധ്യമായ പ്രാക്ടിക്കൽ പരീക്ഷകൾ നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് . മറ്റുള്ള പ്രാക്ടിക്കൽ പരീക്ഷകൾ യാത്രാസൗകര്യം ലഭിക്കുന്ന മുറയ്ക്ക് നടത്തേണ്ടതാണ് .

5. എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ ക്ലാസുകൾ അറ്റൻഡ് ചെയ്യാൻ പറ്റാത്ത സാഹചര്യം ഉള്ളതിനാൽ ,വിദ്യാർത്ഥികൾക്ക് പ്രത്യേക assignment/ project നൽകി അതിന്റെ മാർക്ക് , internal മാർക്കിൽ attendance -ന് നൽകുന്ന മാർക്കിനു പകരം നൽകണം.

Draft #5 of File 67023/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 07-Dec-2020 10:24 AM - Page 2

6. വിദ്യാർത്ഥികളുടെ ഹാൾടിക്കറ്റുകൾ നേരത്തെ തന്നെ പരീക്ഷാ കേന്ദ്രങ്ങളിൽ ലഭിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.

7. നിലവിലെ സാഹചര്യത്തിൽ സർവകലാശാല മുഖേനെ പരീക്ഷാ കേന്ദ്രങ്ങൾ മാറ്റുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെ ഉള്ളതിനാൽ അനുവദിക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ നടത്തുവാൻ എന്തെങ്കിലും തടസം നേരിടുകയാണെങ്കിൽ അതത് കോളേജ് അധികൃതർ തന്നെ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അതത് തദ്ദേശ സ്വയംഭരണ അധികാരികളുമായി ചർച്ച ചെയ്ത് ടി കോളേജിന് അടുത്തുള്ള സ്കൂളുകൾ/ ഓഡിറ്റോറിയം എന്നിവയിൽ ഏതെങ്കിലും പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുക്കേണ്ടതാണ്.

8. ജില്ലാ തലത്തിൽ പോലീസ് / ആരോഗ്യ വകുപ്പുകൾക്ക് പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട അറിയിപ്പ് നൽകുവാൻ സർവകലാശാല വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

9. കോവിഡ് 19 പോസിറ്റീവ് ആയിട്ടുള്ള വിദ്യാർത്ഥികൾ, ക്വാറന്റൈൻ ആയിട്ടുള്ള വിദ്യാർത്ഥികൾ എന്നിവർ പരീക്ഷ എഴുതുവാൻ ആവശ്യപ്പെട്ടാൽ ടി വിഷയത്തിൽ സർവകലാശാല നൽകിയിട്ടുള്ള മാർഗ്ഗനിർദേശങ്ങളും സർക്കാർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദേശങ്ങളും പാലിച്ചുകൊണ്ട് അതത് ഭാഗത്തുള്ള ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെട്ട് അവരുടെ സഹകരണത്തോടുകൂടി ടി വിദ്യാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് സർവ്വകലാശാലയെ ബന്ധപ്പെടാവുന്നതാണ്.

10. കോവിഡ് 19 പോസിറ്റീവ് ആയിട്ടുള്ള വിദ്യാർത്ഥികൾക്ക് ആരോഗ്യ പ്രശ്നങ്ങളാൽ പരീക്ഷ എഴുതുവാൻ പറ്റാത്ത സാഹചര്യത്തിൽ ടി വിദ്യാർത്ഥികൾക്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള പരീക്ഷ എഴുതുവാൻ പറ്റാത്ത വിദ്യാർത്ഥികൾക്കും വീണ്ടും പരീക്ഷ നടത്തുന്നതാണ്.

11. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ താമസ സൗകര്യത്തിനു വേണ്ടി കോവിഡ് 19മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഹോസ്റ്റലുകൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്. ടി വിഷയത്തിൽ കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറുമായി ചർച്ച നടത്തിയിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർ
2. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ
4. സി.ഇ സെക്ഷൻ / എല്ലാ ടാബുലേഷൻ സെക്ഷനുകൾ
5. എല്ലാ എ.ആർ /ഡി.ആർ /ജെ.ആർ (എക്സാം)
6. ഇ .എ I/ എ.സി .സി I / II സെക്ഷനുകൾ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

7.ഐ.ക്യു.എ.സി / കൺഡക്റ്റ് മാനേജ്മെൻറ് സെക്ഷൻ

8.സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File 67023/EA2 SO/2020/EA 2

Draft #5 of File 67023/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 07-Dec-2020 10:24 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം